സഹകരണ സംഘങ്ങളിൽ പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് സീറ്റ് റിസർവ് ചെയ്യുന്ന നടപടി

989 [1187] ശ്രീ. എം. കെ. കേശവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകരണ സംഘങ്ങളിൽ പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കായി സീറ്റ് റിസർവ്വ് ചെയ്യുന്ന നടപടി എന്നാണ് ആരംഭിച്ചത്;

(ബി) ഈ നിയമം പ്രാബല്യത്തിൽ വന്നതിനുശേഷം നടന്ന തെരഞ്ഞെടുപ്പുകളിൽ പട്ടികജാതി/പട്ടികവർഗ്ഗ പ്രാതിനിധ്യം പൂർണ്ണമായി പാലിച്ചിട്ടുണ്ടോ?

ഉത്തരം

(എ) സംസ്ഥാനത്തെ പ്രാഥമിക വായ്പാ സഹകരണ സംഘങ്ങളുടെ ഭരണസമിതികളിൽ 25-2-85 മുതലാണ് പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ടവർക്ക് ഒരു സീറ്റ് സംവരണം ചെയ്യുന്ന നിയമം നടപ്പിലാക്കിയത്.

(ബി) ഈ നിയമം പ്രാബല്യത്തിൽ വന്നതിനുശേഷം നടന്ന എല്ലാ സംഘം തെരഞ്ഞെടുപ്പുകളിലും പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കുള്ള പ്രാതിനിധ്യം പൂർണ്ണമായും പ്രാബല്യത്തിൽ കൊണ്ടുവരാൻ കഴിഞ്ഞിട്ടില്ല. 25-2-85-ന് ശേഷം തെരഞ്ഞെടുപ്പ് നടന്ന പല സംഘങ്ങളിലും ഇത് നടപ്പിലാക്കിയിട്ടുണ്ട്.

സഹകരണ നിയമത്തിലെ 80-ാം വകുപ്പ് വ്യവസായ സഹകരണ സംഘങ്ങളിലെ ജീവനക്കാർക്കും ബാധകമാക്കണമെന്ന ആവശ്യം

990 [1188] ശ്രീ. കെ. ടി. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് ബാധകമാക്കിയിട്ടുള്ള 80-ാം വകുപ്പ് വ്യവസായ സഹകരണ സംഘങ്ങളിലെ ജീവനക്കാർക്കും ബാധകമാക്കണമെന്ന ആവശ്യത്തെ മുൻനിറുത്തി ഗവൺമെന്റ് ഒരു കമ്മീഷനെ നിയമിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത കമ്മീഷൻ ഗവൺമെന്റിന് റിപ്പോർട്ട് സമർപ്പിച്ചുവോ;

(സി) ആ റിപ്പോർട്ട് പ്രകാരം 80-ാം വകുപ്പ് വ്യവസായ സഹകരണ സംഘങ്ങളിലെ ജീവനക്കാർക്ക് ബാധകമാക്കാൻ കഴിയുമോ?

ഉത്തരം

(എ) സഹകരണ സംഘം രജിസ്ട്രാറുടെ ഭരണാധികാരത്തിൻ കീഴിൽ വരാത്തതായ മറ്റ് സഹകരണ സംഘങ്ങളിലെ ജീവനക്കാർക്ക് (അതായത് വ്യവസായം, കയർ, കൈത്തറി, ഡയറി മുതലായവ) 80-ാം വകുപ്പിന്റെ കീഴിലുള്ള ചട്ടങ്ങളനുസരിച്ച് തരംതിരിച്ച് ശമ്പള സ്കെയിലുകളും സ്റ്റാഫ് പാറ്റേണും മറ്റും ക്രമപ്പെടുത്തുക തുടങ്ങിയ കാര്യങ്ങളെക്കുറിച്ച് ഗവൺമെന്റിലേക്ക് ഒരു റിപ്പോർട്ട് സമർപ്പിക്കുവാനായി ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) സമർപ്പിച്ചിട്ടില്ല. ടി കാര്യം കമ്മിറ്റിയുടെ പരിഗണനയിലാണ്. കമ്മിറ്റി നിർദ്ദേശപ്രകാരം അതാത് വകുപ്പ് തലവൻമാർ ഇങ്ങനെയുള്ള ക്ലാസിഫിക്കേഷൻ ഫോർമുല സഹകരണ രജിസ്ട്രാർക്ക് നൽകുകയും രജിസ്ട്രാർ അത് സഹകരണ യൂണിയനുമായി ആലോചിച്ച് കമ്മിറ്റിക്ക് നൽകുന്നതുമാണ്.

(സി) 80-ാം വകുപ്പും അതിന്റെ കീഴിലുള്ള ചട്ടങ്ങളും ഇപ്പോഴും തന്നെ അത്തരം സംഘങ്ങൾക്ക് ബാധകമാണ്. എന്നാൽ വകുപ്പ് 80-ന്റെ (1)-ാം ഉപവകുപ്പിലും 182-ാം ചട്ടത്തിലും പറയുന്നതുപോലെ അത്തരം സംഘങ്ങളെ തരം തിരിക്കുകയോ സ്റ്റാഫ് പാറ്റേൺ നിശ്ചയിക്കുകയോ ശമ്പളസ്കെയിൽ ഏർപ്പെടുത്തുകയോ ചെയ്തിട്ടില്ല. ഇത് ചെയ്യേണ്ടതാണ്.

വയനാട് ജില്ലയിൽ ടൂറിസം വികസിപ്പിക്കുന്നതിനുള്ള പദ്ധതി

991 [1189] ശ്രീ. കെ. മൂസ്സക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ ടൂറിസം വികസിപ്പിക്കുന്നതിനായി കേന്ദ്ര ഗവൺമെൻറിന്റെ സഹായത്തോടുകൂടി സഹകരണ മേഖലയിൽ എന്തെങ്കിലും പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച് വിശദവിവരങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(ചോദ്യോത്തരസമയം കഴിഞ്ഞു)

II. അവിശ്വാസപ്രമേയം

മി. സ്പീക്കർ: ശ്രീ. കെ. കരുണാകരന്റെ നേതൃത്വത്തിലുള്ള മന്ത്രിസഭയിൽ അവിശ്വാസം രേഖപ്പെടുത്തുന്നതായ പ്രമേയം അവതരിപ്പിക്കാനുള്ള അനുവാദത്തിന് ശ്രീ. ഇ. കെ. നായനാർ നോട്ടീസ് നൽകിയിട്ടുണ്ട്. ആ നോട്ടീസ് ഇപ്രകാരമാണ്:

"കേന്ദ്രഗവൺമെൻറ് അനഭിമതരായി പ്രഖ്യാപിച്ച കുവൈറ്റിനും സംസ്ഥാനത്തുടനീളം രാജ്യദ്രോഹ പ്രവർത്തനങ്ങൾ നടത്താൻ ഒത്താശ ചെയ്തുകൊടുത്ത് മുഖ്യമന്ത്രി ഉൾപ്പെടെയുള്ള മന്ത്രിമാരും 'പഞ്ചാബ് മോഡൽ' പ്രസംഗം ചെയ്തതിന് രാജ്യദ്രോഹത്തിന്റെ പേരിൽ മന്ത്രിസഭയിൽനിന്ന് ഒഴിവാക്കപ്പെട്ടിരുന്ന ശ്രീ. ആർ. ബാലകൃഷ്ണപിള്ളയും അധികാരത്തിൽ തുടരുന്നതിനാലും; പ്രീ-ഡിഗ്രി ബോർഡ് രൂപീകരണത്തിലൂടെ സംസ്ഥാനത്തിന്റെ വിദ്യാഭ്യാസ മേഖലയെ സ്വകാര്യ വിദ്യാഭ്യാസ കച്ചവടക്കാർക്ക് അടിയറവയ്ക്കാൻ സർക്കാർ സ്വീകരിച്ച നടപടിക്കെതിരെ കോളേജ് അദ്ധ്യാപകരും അദ്ധ്യാപകേതര ജീവനക്കാരും യൂണിവേഴ്സിറ്റി ജീവനക്കാരും വിദ്യാർത്ഥികളും നടത്തിയ സമരത്തിൽ പങ്കെടുത്തവർക്കെതിരായി

LIBRARY ARCHIVES Kerala Legislative Assembly